**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4982** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 മഹാമാരി നിയന്ത്രിയ്ക്കുന്നതിന് മങ്കട നിയോജകമണ്ഡലത്തിലെ വിവിധ പി.എച്ച്.സി/ സി.എച്ച്.സി.കളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിൽ മങ്കട സി.എച്ച്. സി യിൽ 25 ഓക്സിജൻ പോയിന്റുള്ള സെൻട്രൽ ഓക്സിജൻ പൈപ്പ് ലൈൻ വർക്ക് നടന്നു കൊണ്ടിരിക്കുന്നു. മങ്കട ബ്ലോക്കിലേയ്ക്ക് 24 ഓക്സിജൻ കോൺസൻട്രേറ്റർ അനുവദിച്ചിട്ടുണ്ട്. ഓക്സിജൻ സിലിണ്ടർ ബി ടൈപ്പ് -10, ഡി ടൈപ്പ്-10 എണ്ണവും അനുവദിച്ചിട്ടുണ്ട്. സ്റ്റെബിലൈസേഷൻ യൂണിറ്റ് മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തുടങ്ങിയിട്ടുണ്ട്. മങ്കട ബ്ലോക്കിലെ 8 പഞ്ചായത്തുകളിലും ഹോം ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് പ്രയാസം നേരിടുന്ന പക്ഷം സ്റ്റെബിലൈസേഷൻ യൂണിറ്റിലേക്ക് കൊണ്ടുവരുകയും ഇവിടെ നിന്നും ആവശ്യമായ അടിയന്തിര ചികിത്സ, ചുരുങ്ങിയ ദിവസത്തേയ്ക്കുള്ള കിടത്തി ചികിത്സ എന്നിവ നൽകാറുണ്ട്. കോവിഡ് ബ്ലോക്ക് കൺട്രോൾ റൂം മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ആന്റിജൻ ടെസ്റ്റ് ചെയ്തുവരുന്നുണ്ട്. കൂടാതെ മങ്കട സാമൂഹികാരോഗ്യ കേന്ദ്രം, മൂർക്കനാട് കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ RTPCR ടെസ്റ്റും നടത്തിവരുന്നുണ്ട്. മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കോവിഡിനുള്ള പ്രാഥമിക ചികിത്സയും കിടത്തി ചികിത്സയും നൽകി വരുന്നുണ്ട്. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന പക്ഷം മഞ്ചേരി മെഡിക്കൽ കോളേജിലേക്കോ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്കോ റഫർ ചെയ്യുന്നു. മങ്കട നിയോജക മണ്ഡലത്തിലെ മങ്കട, മൂർക്കനാട്, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മക്കരപ്പറമ്പ്, പുഴക്കാട്ടിരി, കുറുവ എന്നീ 7 പഞ്ചായത്തുകളിലും ഡി.സി.സി കൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഐ.സി.യു./വെന്റിലേറ്റർ സൗകര്യങ്ങൾ എവിടെയെല്ലാം നിലവിലുണ്ട്; ഇവയുടെ കണക്കുകൾ | (ബി) | മങ്കട ബ്ലോക്കിലെ സർക്കാർ ആശുപത്രികളിൽ ഐ.സി.യു/വെന്റിലേറ്റർ സൗകര്യങ്ങൾ നിലവിലില്ല. |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ; അധികമായി ഇത്തരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിയ്ക്കുന്നത് എവിടെയെല്ലാമാണ്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ